LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാ രാഘവൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള പരീക്ഷ പാസ്സായവരെ മാത്രമേ ഹയർ സെക്കന്ററി അധ്യാപകർ ആയി നിയമിക്കാൻ കഴിയുകയുള്ളൂ എന്ന ഉത്തരവിന്റെ വെളിച്ചത്തിൽ സ്വകാര്യ മാനേജ്മെന്റുകൾക്ക് ഇഷ്ടമുള്ളവരെ നിയമിക്കാനുള്ള അവകാശത്തിന് ഭംഗം നേരിടുമോ;

(ബി) ഇല്ലെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(സി) ഈ ഉത്തരവ് മതപരമായ ന്യൂനപക്ഷങ്ങളെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) യോഗ്യതാ പരീക്ഷ പാസ്സായിട്ടുള്ളവരിൽ നിന്നും നിലവിലുള്ള സെലക്ഷൻ നിയമനത്തിന് വിധേയമായി അധ്യാപകരെ നിയമിക്കാവുന്നതാണ്. ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിൽ മാത്രമേ മാനേജ്മെന്റിനും നിയമനം നടത്താൻ അധികാരമുള്ളൂ.

(സി) ഒരു വിധത്തിലും ബാധിക്കുന്നില്ല.

35 (476) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക തസ്തികകളിൽ നിയമനം പൂർത്തിയാക്കാൻ കാലതാമസം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള അധ്യാപക തസ്തികകൾ സ്കൂളുകളിലുള്ള യോഗ്യരായിട്ടുള്ള അധ്യാപകരെ നിയമിച്ചുകൊണ്ട് പൂർത്തിയാക്കണമെന്നുള്ള സുപ്രീംകോടതിയുടെ 1.2.99, 7.12.99 എന്നീ തീയതികളിലെ വിധി നടപ്പാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ വർഷവും അടുത്ത വർഷവുമായി ഇവരുടെ നിയമനം നടത്താമെന്നുള്ള ഗവൺമെന്റിന്റെ 30.12.99-ലെ ഉത്തരവ് ഇനിയും നടപ്പാക്കാത്തതിന്റെ കാരണമെന്താണ്; വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി ഉത്തരവ് നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) അത്തരത്തിലൊരുത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(സി) സുപ്രീം കോടതിയുടെ അന്തിമവിധി പുറപ്പെടുവച്ചിട്ടില്ല. ഇടക്കാല വിധിയിൽ, താൽക്കാലിക നിയമനം നടത്താനുള്ള നിബന്ധനകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

1116/2010.